ഉത്തരം

(എ) അംഗ തൊഴിലാളികൾ 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശിക വരുത്തുകയാണെങ്കിൽ അംഗത്വം നഷ്ടപ്പെടുന്നതാണ്. അംഗ തൊഴിലാളികൾ ഒരു വർഷത്തിൽ 90 ദിവസത്തിൽ കുറയാതെ നിർമ്മാണ പണികളിൽ ഏർപ്പെടണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 12 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശിക വരുത്തുമ്പോഴാണ് അംഗത്വം നഷ്ടപ്പെടുന്നത്.

(സി) അംഗ തൊഴിലാളികളിൽനിന്നും അംശദായം സ്വീകരിക്കുന്നതിന് ബോർഡിന് എല്ലാ ജില്ലകളിലും കളക്ഷൻ ബാങ്കുകളുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ അംശദായം സ്വീകരിക്കുന്നതിൽനിന്നും പിൻവാങ്ങിയ ബാങ്കുകൾക്ക് പകരമായി നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡ് നേരിട്ട് ജില്ലാ എക്സിക്യൂട്ടീവ് ആഫീസുകൾ വഴി അംശദായം സ്വീകരിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം

80 [3485] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതൊക്കെ ജില്ലയിലാണ് തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ആഫീസ് നിലവിലില്ലാത്തത് എന്ന് വിശദീകരിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ ആഫീസ് നിലവിലില്ല.

(ബി) ഉണ്ട്.

(സി) കാസർഗോഡ് ജില്ലയടക്കം വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഓഫീസ് തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം വ്യയനിയന്ത്രണ ഉത്തരവുകൾ നിലനിൽക്കുന്നതിനാൽ അനുകൂലമായി പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly